**പതിനാലാം കേരളനിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *164** | **11.02.2020-ൽ മറുപടിക്ക്**

## സംസ്ഥാനത്തിന് വാഗ്ദാനം ചെയ്യപ്പെട്ട കേന്ദ്രപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) സംസ്ഥാനത്തിന് കേന്ദ്രപദ്ധതികൾ വാഗ്ദാനം ചെയ്യുകയും പിന്നീട് പിൻവലിക്കുകയും ചെയ്യുന്ന ഒരു പ്രവണത കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്തിന് വാഗ്ദാനം ചെയ്ത് പിൻവലിച്ച കേന്ദ്ര പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി, എയിംസ്, ശബരി റെയിൽ പദ്ധതി എന്നിവയെല്ലാം കേന്ദ്രം പിൻവലിച്ചിട്ടുണ്ടോ, ഓരോന്നിന്റെയും അവസ്ഥ വ്യക്തമാക്കാമോ;

(ഡി) ഏഷ്യയിലെ ഏറ്റവും വലിയ തീരദേശപരിപാലന കേന്ദ്രമാകുമായിരുന്ന ഇന്ത്യൻ കോസ്റ്റ് ഗാർഡ് അക്കാദമിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

(എ), (ബി), (സി) & (ഡി) ഉണ്ട്. ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്ന ചില പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**1. കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി**

2008-09 ലെ ബജറ്റിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഏകദേശം 1215 കോടി രൂപ ചെലവിൽ 430.59 ഏക്കർ സ്ഥലത്ത് തുടങ്ങാനുദ്ദേശിച്ചിരുന്നതായിരുന്നു പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി. ഇതിലേയ്ക്കാവശ്യമായ 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറാൻ ഉത്തരവായിരുന്നു. പ്രതിവർഷം 400 കോച്ചുകൾ എന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ 4000ത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയാണ് ഉണ്ടായിരുന്നത്. ഈ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 32.44 കോടി രൂപ മാത്രമാണ് റെയിൽവേയുടെ ഭാഗത്തു നിന്നും ചെലവഴിച്ചത്. ഇതുകൂടാതെ 1.60 കോടി രൂപ മാത്രമാണ് നാളിതുവരെ കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത്. 2008-2009 ബജറ്റിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന ഉത്തർപ്രദേശിലെ റായ്ബറേലിയിൽ ഉള്ള കോച്ച് ഫാക്ടറി 2012-ൽ തന്നെ കമ്മീഷൻ ചെയ്ത സാഹചര്യത്തിൽ നിർദ്ദിഷ്ട കോച്ച് ഫാക്ടറി പാലക്കാട് തന്നെ സ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിൽ ഉണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യം പരിഹരിക്കാനുതകുന്നതാണെന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വാഹമില്ല എന്നുമാണ് 19.11.2018-ൽ കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുള്ളത്.

## 2. എയിംസ്

കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ KSIDC-യുടെ പക്കലുള്ള സ്ഥലത്ത് എയിംസ് സ്ഥാപിക്കാവുന്നതാണെന്ന് ജനുവരി 2017-ൽ കേന്ദ്ര സർക്കാരിനെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിറ്റ്യൂഷനുകൾ ഘട്ടം ഘട്ടമായി അനുവദിക്കുമെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് ആയത് ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്രത്തോട് ആവശ്യപ്പെട്ടുവരുന്നു.

## 3. ശബരി റെയിൽ പദ്ധതി

അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചെലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെടെ രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ 'പ്രഗതി' വഴി നിരീക്ഷണം ചെയ്യപ്പെടുന്ന ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിൽ ഉണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു.

ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. അങ്കമാലി-ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിൽ പെരുമ്പാവൂർ, കുവപ്പടി, വേങ്ങൂർ വെസ്റ്റ്, അശമന്നൂർ,

രായമംഗലം, ചേലാമറ്റം എന്നീ വില്ലേജുകളിലെ 40 ഹെക്ടർ 40 ആർ 08 ചതുരശ്ര മീറ്റർ (40.40.08 ഹെക്ടർ) ഭൂമി ഏറ്റെടുക്കുന്നതിനുള്ള SIA പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച വിവരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ~~ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം~~ ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. എരമല്ലൂർ, മുളവൂർ, വെള്ളൂർകുന്നം, മൂവാറ്റുപുഴ, കോതമംഗലം, മാഞ്ഞല്ലൂർ എന്നീ വില്ലേജുകളിലെ 87.23 ഹെക്ടർ ഭൂമിയുടെ SIA പഠനം നടത്തുന്നതിലേയ്ക്കായി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ അതിരുകല്ല് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. ഇതിൽ രാമപുരം-എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വെ നടപടികൾ റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

## 4. കോസ്റ്റ് ഗാർഡ് അക്കാഡമിയിലേയ്ക്കുള്ള അപ്രോച്ച് റോഡ്:-

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി വില്ലേജിൽ നിർദ്ദിഷ്ട കോസ്റ്റ് ഗാർഡ് അക്കാഡമിയിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി 0.8984 ഹെക്ടർ ഭൂമി RFCTLARR (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement) ആക്ട്, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അർത്ഥന സമർപ്പിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുകയും ആയത് ജില്ലാതലത്തിലുള്ള വിദഗ്ധ സമിതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിച്ചതുമാണ്. തുടർന്ന് ഫണ്ട് ഒന്നും അർത്ഥനാധികാരിയിൽ

നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

CRZ അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഈ കേസ് ഇന്ത്യ ഗവൺമെന്റിനും കോസ്റ്റ് ഗാർഡിനുമിടയിൽപ്പെട്ട് കിടക്കുകയാണെന്ന് ICGS ബേപ്പൂർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ